**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5846** **08-11-2021 - ൽ മറുപടിയ്ക്ക്**

**24 x 7 ചാർജ്ജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ പാതകളിലും സംസ്ഥാന പാതകളിലും പ്രധാനപ്പെട്ട സ്ഥലങ്ങളിൽ വൈദ്യുതി വാഹനങ്ങൾക്കായി ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എ) | കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ. എസ്. ഇ. ബി. എൽ. നെയാണ് നോഡൽ ഏജൻസി ആയി തിരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം എല്ലാ ജില്ലകളിലും ആയി ഒരു ചാർജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. പ്രവർത്തിക്കുന്നു. പ്രാരംഭഘട്ടം ആയി ആറു ജില്ലകളിൽ കെ. എസ്. ഇ. ബി. എൽ-ന്റെ സ്വന്തം സ്ഥലത്ത് ഫോർ വീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7.11.2020 മുതൽ പൊതുജന ങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു. 1. നേമം, തിരുവനന്തപുരം 2. ഓലൈ, കൊല്ലം 3. പാലാരിവട്ടം, എറണാകുളം 4. വിയ്യൂർ, തൃശ്ശൂർ 5. നല്ലളം, കോഴിക്കോട് 6. ചൊവ്വ, കണ്ണൂർ ഇതിനു പുറമെ എല്ലാ ജില്ലകളിലുമായി 56 ചാർജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി നടന്നു വരികയാണ്. ഈ സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പൂർത്തീകരിക്കു ന്നതായിരിക്കും. ഇതോടൊപ്പം 10 പോൾ മൗണ്ടഡ് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് പോയിന്റുകൾ കോഴിക്കോട് ജില്ല കോർപ്പറേഷൻ പരിധിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇരുചക്ര, മുച്ചക്ര (e-auto) വാഹനങ്ങൾക്കായി സ്ഥാപിക്കുകയും 09.10.2021 ന് പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുകയും ചെയ്തു. ഇവയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ഇത്തരത്തിലുള്ള വൈദ്യുതി വാഹന ചാർജ്ജിംഗ് പോയിന്റുകളുടെ ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടി കെ. എസ്. ഇ. ബി. എൽ. സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് ഇ- |

മൊബിലിറ്റി ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിന് ആവശ്യമായ ഇതര പദ്ധതികളുടെ നടത്തിപ്പും സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിലുള്ള മറ്റ് ഉത്തരവാദിത്തങ്ങളും ബന്ധപ്പെട്ട ഏജൻസികളും ഉണഭോക്താക്കളുമായി ചേർന്ന് കെ. എസ്. ഇ. ബി. എൽ. നിർവ്വഹിച്ചു വരുന്നു. ദേശീയ പാതകളിലും സംസ്ഥാന പാതകളിലും പ്രധാനപ്പെട്ട സ്ഥലങ്ങളിൽ വൈദ്യുതി വാഹനങ്ങൾ ക്കായി ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകളുടെയോ, പൊതു മേഖല സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിൽ പ്രധാന റോഡുകളുടെ സമീപം കുറഞ്ഞത് 5 സെന്റ് സൗകര്യപ്രദമായ സ്ഥലം 10 വർഷ കരാർ കാലാവധിയിൽ ലഭ്യമാണെങ്കിൽ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനെർട്ടിന് ഉണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഏറണാകുളം, ഇടുക്കി, പാലക്കാട്, കാസറഗോഡ് എന്നീ ജില്ലകളിലായി താഴെ പറയുന്ന സ്ഥലങ്ങളിലായി 9 ചാർജിങ് സ്റ്റേഷനുകൾ അനെർട്ട് സ്ഥാപിച്ചുകഴിഞ്ഞു. 1. അനെർട്ട് കേന്ദ്ര കാര്യാലയം, പി.എം.ജി., തിരുവനന്തപുരം 2. കാർ പാർക്കിംഗ് ഏരിയ (ഡി.ടി.പി.സി), ശംഖുമുഖം, തിരുവനന്തപുരം 3. ഗവൺമെന്റ് ഗസ്റ്റ് ഹൗസ്, തൈക്കാട്, തിരുവനന്തപുരം 4. ടേക്ക് എ ബ്രേക്ക് (ഡി.ടി.പി.സി), ചവറ, കൊല്ലം 5. ഓട്ടോ കാസ്റ്റ്, ചേർത്തല, ആലപ്പുഴ 6. ഡി.ടി.പി.സി സെന്റർ, ഇടുക്കി 7. കെ.ടി.ഡി.സി. ടൂറിസ്റ്റ് റിസപ്ഷൻ സെന്റർ, മറൈൻ ഡ്രൈവ്, എറണാകുളം 8. കാഞ്ഞിരംപുഴ ഡാം, പാലക്കാട് 9. ഡി.ടി.പി.സി വേ സൈഡ് അമിനിറ്റി സെന്റർ, നീലേശ്വരം, കാസർഗോഡ് പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ താഴെ പറയുന്ന സ്ഥലങ്ങളിൽ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. 1. പത്തനംതിട്ട മുനിസിപ്പാലിറ്റി പുതിയ ബസ് സ്റ്റാന്റ് 2. ടേക്ക് എ ബ്രേക്ക്, ബൈ പാസ് ലൈക്കാട് ചങ്ങനാശ്ശേരിക്ക് സമീപം 3. കെ.ടി.ഡി.സി അഹാർ റെസ്റ്റോറന്റ്, കായംകുളം, ആലപ്പുഴ 4. കില, മുളങ്കുന്നത്തു കാവ്, തൃശ്ശൂർ 5. കെ.ടി.ഡി.സി അഹാർ റെസ്റ്റോറന്റ്, വടകര, കോഴിക്കോട് 6. മൂസക്കുട്ടി സ്മാരക മുനിസിപ്പൽ ബസ് സ്റ്റാൻഡ്, പെരിന്തൽമണ്ണ, മലപ്പുറം 7. ജവഹർ ബാല വികാസ് ഭവൻ, മീനങ്ങാടി, വയനാട് 8. ഡി.ടി.പി.സി. ലാൻഡ്, പിണറായി - പടനക്കര റിവർ സൈഡ് പാർക്ക്, കണ്ണൂർ അനുയോജ്യമായ കൂടുതൽ

| | | | |
|---|---|---|---|
| | | | സ്ഥലങ്ങൾ കണ്ടെത്തുന്നതിന് വേണ്ടിയുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. സ്വകാര്യ സംരംഭകരെക്കൂടി ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിൽ പങ്കാളികളാക്കാനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. പ്രധാന റോഡുകൾക്ക് സമീപമുള്ള ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, മാളുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്റ്റേഷനുകളിൽ ഇതിനായി അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. ഇതിനായി 45 അപേക്ഷകൾ ഇതുവരെ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ